

കമനീയം
കാവ്യലോലം
little KITEs
ഗവ: എച്ച് എസ് അവനവഞ്ചേരി

## ആശംസ .................

പൊതു വിദ്യാഭ്യസ രംഗത്ത് സാങ്കേതിക വിദ്യ പിച്ചവയ്ക്കാൻ തുടങ്ങിയ കാലത്ത് ആ മേഖലയിൽ കാലുറപ്പിച്ച് മുന്നേറിയ വിദ്യാലയമാണ് ഗവണ്മെന്റ് ഹൈസ്കൂൾ അവനവഞ്ചേരി.മറ്റേതൊരു വിദ്യാലയത്തിനും മാതൃകയാക്കാവുന്ന അസൂയാവഹമായ മുന്നേറ്റമാണ് അവനവഞ്ചേരി ഹൈ സ്കൂൾ കാഴ്ച്ച വച്ചുകൊണ്ടിരിക്കുന്നത്. 2009-10 ൽ മികച്ച സ്കൂ ൾ കമ്പ്യൂട്ടർ ലാബിനുള്ള പുരസ്ക്കാരം നേടിയെടുത്ത കാലം മുതൽ 2010-11 ൽ ഹരിത വിദ്യാലയം റിയാലിറ്റി ഷോ ക്യാഷ് അവാർഡ് , 2017-18 രണ്ടാം സെഷനിലും അതേ വിജയത്തിന്റെ ആവർത്തനം,2018-19 ലെ ആറ്റിങ്ങൽ സബ്ജില്ലാ ഐ.റ്റി മേളയിൽ ഓവറാൾ കിരീടം ,ലിറ്റിൽ കൈറ്റ്സ് ജില്ലാതല പുരസ്കാരം എന്നിങ്ങനെ നേട്ട പട്ടികകളിലൂടെ സാങ്കേതിക വിദ്യാ രംഗത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രമായി മാറി ഈ വിദ്യാലയം.ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഐ.സി.റ്റി പ്രവർത്തനങ്ങൾ പഠിക്കാൻ മാതൃകാ സ്കൂളായി തെരഞ്ഞെടുത്തത് അവനവഞ്ചേരി സ്കൂളിനെയാണ്. ഇതേ വിദ്യാലയം വീണ്ടും മികവ് തെളിയിക്കാനൊരുങ്ങുകയാണ കലയും സാങ്കേതിക വിദ്യയും കൈകോർത്തു വർണവിസ്മയം സൃഷ്ടിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്
അനില റാണി റ്റി റ്റി



ഗവ.എച്ച്.എസ്.അവനവഞ്ചേരി

# വായനക്കാരോട് .................

പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിൽ മറ്റേതൊരു വിദ്യാലയത്തെക്കാളും ഒരു മുഴം മുമ്പിലാണ് ഗവ.എച്ച്.എസ്.അവനവഞ്ചേരി.ഗുണമേന്മയുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും വിട്ടുവീഴ്ച ചെയ്യാറില്ല.മികവിന്റെ പാതയിൽ അതിവേഗം മുന്നേറുന്ന ഈ വിദ്യാലയത്തിന്റെ കിരീടത്തിൽ ഒരു പൊൻ തൂവൽക്കൂടി .ഞങ്ങൾ വിദ്യാർത്ഥികൾ ഞങ്ങളുടെ വിദ്യാലയത്തിനായി സമർപ്പിക്കുന്നു ഒരു ഡിജിറ്റൽ മാഗസിൻ "കമനീയം കാവ്യലോലം ". ഞങ്ങളിലെ സർഗാത്മകതയ്ക്ക് ചിറക് വിരിക്കാൻ ഒരു വേദിയായി ഈ മാഗസിനെ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമെല്ലാം ഇതിൽ ഇതൾ വിരിയുന്നു.ഞങ്ങളുടെ ഭാവനയുടെ ഈ സ്ഫുലിംഗങ്ങൾ സസന്തോഷം ഇവിടെ അണിനിരത്തട്ടേ. തെറ്റുകുറ്റങ്ങൾ പൊറുത്ത് ഈ സംഭാവനയെ സദയം അംഗീകരിച്ചാലും...

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ഹൃദയത്തുടിപ്പ്

**കൃഷ്ണ എം.എസ്**



**അമ്മതൻ നെഞ്ചോട്**
**പറ്റികിടന്നപ്പോൾ**
**ഹൃദയത്തുടിപ്പുകൾ ഒന്നൊ-**
**ന്നായി കേട്ടു ഞാൻ .**
**ഓരോ തുടിപ്പിലും സ്നേ-**
**ഹത്തിൻ കനിവിൽ**
**സഹതാപ , മാതൃത്വമൊ-**
**ന്നായിമിന്നുന്നുമായുന്നു**
**പണ്ടു ഞാൻ കുസൃതികൾ**
**കാട്ടുമ്പോഴൊക്കെയും**
**സ്നേഹത്താൽ ശാസനം**
**നൽകുമമ്മ .**

കുഞ്ഞുമനസ്സിൽ നിറ-
യുന്ന ചോദ്യങ്ങൾക്കു-
ത്തരം തന്നിട്ടു-
മെന്റെയമ്മ
വാർദ്ധക്യമായപ്പോൾ
ഹൃദയത്തുടിപ്പു തൻ
വേഗം കുറഞ്ഞിടും
താളങ്ങൾ തെറ്റിടും
എന്നിട്ടുമെൻ ഹൃദയമാം
പാതയിൽ

മഴയായി പെയ്തിടും
എന്റെയമ്മ

അമ്മതൻ നെഞ്ചോടു
പറ്റികിടന്നപ്പോൾ
ഹൃദയത്തുടിപ്പുകളൊ-
ന്നൊന്നായി കേട്ടു ഞാൻ

# കൂട്ടുകാരീ...

സാന്ദ്ര സന്തോഷ്

മഞ്ഞാൽ കുളിരുന്നയെൻ സ്വപ്നങ്ങളിൽ

ഒരു വസന്തമായി വന്നു നീ കൂട്ടുകാരി



നിന്റെ ചിരികൊഞ്ചലെൻ മനസ്സിൽ മായാതെ

നിൽക്കും എന്നുമെന്നും

നീ ഒന്ന് തേങ്ങുമ്പോൾ എൻ മനസ്സ്

ഗവ.എച്ച്.എസ്.അവനവഞ്ചേരി

അറിയാതെ കൂടെ തേങ്ങുമല്ലോ

പിരിയില്ല നിന്നെ ഞാൻ ഈ ജന്മത്തിൽ

അറിയാതെ സ്നേഹിച്ചു പോയതല്ലേ

ജീവന്റെ ജീവനായി മാറി നീ ഇന്ന്

പിരിയാൻ കഴിയുമോ  നമ്മൾ തമ്മിൽ ?

എന്നെ പിരിഞ്ഞു നീ അകലുന്ന നിമിഷം

എൻ സ്വപ്നത്തിൽ  വസന്തവും

കൊഴിഞ്ഞുവീഴും..

# എന്റെ വിദ്യാലയം

## ഹർഷ എച്ച്.എസ്



അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ചോ -
റെന്നമ്മയാണെന്നാത്മ വിദ്യാലയം
അമ്മിഞ്ഞപ്പാലിൻ മധുരമറിഞ്ഞു ഞാ-
നമ്മതൻ ചുംബനച്ചൂടറിഞ്ഞു .
അമ്മാറിടത്തിൻ തുടിപ്പറിഞ്ഞു ഞാ-
നരൂപമോർത്തു വയ്ക്കാൻ പഠിച്ചു .
അമ്മതൻ ശബ്ദം തിരിച്ചറിഞ്ഞു ഞാ-
നാധ്വനി കേൾക്കാൻ കൊതിപ്പിടിച്ചു .
ഞാനാദ്യമായികമിഴ്ന്നു വീണപ്പൊഴേ -
ന്നമ്മ തന്നുള്ളിൽ കുളിരണിഞ്ഞു .
മുട്ടിലിഴഞ്ഞു നടക്കവേ ഞാനൊന്നു
മുട്ടിവീണപ്പൊഴാ നോവറിഞ്ഞു .

മുട്ടിലിഴഞ്ഞു നടന്ന ഞാൻ മെല്ലവേ
പിച്ച നടക്കാൻ പഠിച്ചെടുത്തു .
അമ്മിഞ്ഞപ്പാലിനോടൊപ്പം പഠിച്ചുഞാ-
നമ്മയെന്നുള്ള രണ്ടക്ഷരങ്ങൾ
അമ്മയെന്നുള്ളൊരാ കൊച്ചുപദത്തിൻ
വ്യാപ്തിയറിയുവാനേ ജന്മം പോരാ .

അക്കലാക്ഷേത്രത്തിൽ നിന്നലഭിക്കാത്തൊ–
രറിവിതെവിടെന്നു നേടിടും നാം?
ഈ ഭൂവിലേക്കു പിറന്ന നാളാദ്യമായ്
ഞാൻ കരഞ്ഞപ്പോൾ ചിരിച്ചൊരമ്മ
എന്നെക്കരയിച്ചിടാതെ കാത്തീടുവാൻ
തൻസുഖമാകെ വെടിഞ്ഞിടുന്നു.
ഞാനറിയാതമ്മയെന്നെപ്പഠിപ്പിച്ചു

പാരിതിൻ പാഠങ്ങളൊന്നൊന്നായ്
കണ്ടും കേട്ടും തൊട്ടറിഞ്ഞും പല
പാഠങ്ങൾ അങ്ങനെ ഞാൻ പഠിച്ചു.
ജീവിതപാത താണ്ടിടുവാനൊള്ളൊരു
പാഠങ്ങളെല്ലാം പഠിച്ചെടുത്തു.

ശിക്ഷിച്ചിടുമ്പോഴും രക്ഷിക്കുവാനുള്ള
നന്മയുമമ്മയിൽ കണ്ടിരുന്നു.
വേണ്ട നമുക്കിനി വൃദ്ധസദനങ്ങൾ
വേണം മുത്തശ്ശിമാർ വീട്ടിലെന്നും
കൊണ്ടെറിഞ്ഞീടല്ലേ നമ്മൾ തന്നമ്മയെ
വൃദ്ധസദത്തിലേയ്ക്ക നമ്മൾ ,

# The Letter

**പാർവതി നിഷ്ടരാജ്**



My pen travels slowly
All down the long sheet,
Because I'm so anxious
To keep it all heat

I turn the page over
And on goes my pen
Till lastly come kisses

There is just room for ten.

The envelop's ready,

I put the stamp on

And run to the post-box

And how it has gone

# നമിക്കാം നിന്നെ

ആദിത്യ എ അനിൽ



മഴവില്ലിൻ ശോഭയിൽ

നീന്തികുളിക്കുമൊരു

സ്വർണ്ണ മത്സ്യമാണ് പ്രകൃതി

തെന്നലിൽ ആടി

നറുനൃത്തം വയ്ക്കും

ഒരു നൃത്തകിയാണ് നീ

ആകാശനീലിമയിൽ

ഭൂമി തൻ പച്ചപ്പിൽ

സ്പന്ദനമായി നിൻ ഓരോ

## ചുവടുകളും

എനിക്ക് നീ തന്ന

ഒരുപാട് നന്മകൾ
നീ വെടിഞ്ഞാലും
നിന്നെ വെടിയില്ല
ഒരു സുന്ദരിപെണ്ണായ
നിൻ മരിലാണയുവാൻ
ഞാൻ കൊതിച്ചതേ
നിനവുകളും കനവുകളും
കോമളചാരുതയിൽ നീന്തിക്കളിക്കും
നിന്നെയെനിക്കേറെയിഷ്ടം ..

# G . K ക്വിസ്

## നന്ദ എം.എൻ



1 .ഹിന്ദ്സ്വരാജ് രചിച്ചതാര്?

ഗാന്ധിജി

2 . വല്ലഭായി പട്ടേലിന് സർദാർ പദവി നൽകിയതാര്?

ഗാന്ധിജി

3. 'വിദ്യ നേടൂ , സംഘടിക്കൂ , സമരം ചെയ്യൂ ' എന്ന് ആഹ്വാനം ചെയ്തതാര് ?

Dr. ബി . ആർ അംബേദ്കർ

4 . സ്വാതന്ത്ര്യലബ്ധി വരെ രാജസ്ഥാൻ അറിയപ്പെട്ട പേര് ?

രാജപുത്താന

5. സത്യാഗ്രഹത്തിന്റെ ജന്മഭൂമി എന്ന് അറിയപ്പെടുന്ന നാട് ?

ദക്ഷിണാഫ്രിക്ക

6 . കസ്തൂർബാ ഗാന്ധി എവിടെ വച്ചാണ് അന്തരിച്ചത് ?

ആഗാഖാൻ പാലസ് ജയിൽ , പൂനെ

7 . വിശ്വഭാരതി സർവകലാശാലയ്ക്കുള്ളിലുള്ള ടാഗോറിന്റെ വീടിന്റെ പേരെന്ത്?

ഉത്തരായൻ

8. ഒക്ടോബർ രണ്ടിന് ജനിച്ച ദേശീയനേതാക്കൾ ?

ഗാന്ധിജി , ലാൽ ബഹദൂർ ശാസ്ത്രി

9 . എംഡെൻ എന്നെ മുങ്ങിക്കപ്പൽ  ഏതു രാജ്യത്തിന്റേതായിരുന്നു ?

ജർമ്മനി

10. ഒന്നാം ലോക മഹായുദ്ധത്തിൽ ഒരു കാലു നഷ്ടപ്പെട്ട ശേഷം ഇന്ത്യയുടെ വൈസ്രോയി ആയതു ആര് ?

മേവൽ  പ്രഭു

# ഭൂമിയെ കരകേറ്റുവാൻ

പവിത്ര വി.എ

ഇവിടെ എന്നുടെ ഭൂമി തന്നുടെ
നിലവിളിക്കാത്തരമായി നെഞ്ചിലേക്ക്
തറച്ച് കയറിയ യുദ്ധവും




ശാപമോക്ഷമിതെന്നു നൽകും
ഭൂമിയെ കരകേറ്റുവാൻ
ഹരിതമായൊരു ഭൂമിയെ
മലിനമാക്കുവതെന്തിനോ

പച്ചയായൊരു അമ്മ
ച്ചുട്ടെരിക്കുവാൻതെന്തിനോ
ഒരുമയോടെ നമുക്കുനീങ്ങാം

ഭൂമിയെ കര കേറ്റുവാൻ

നന്മയോടെ നമുക്ക് വാഴാം

അമ്മയൊരു ഭൂമിയിൽ

സ്വർഗ്ഗമാക്കി നമുക്ക് മാറ്റാം

നന്മ തന്നുടെ നാടിനെ

# ചോദ്യോത്തരങ്ങൾ

**മെർഫിയ സകീർ**

1. ഭൂഗുരുത്വകർഷണ  നിയമത്തിന്റെ ഉപജ്ഞാതാവ് ആര് ?



ഐസക് ന്യൂട്ടൻ

2. ഏറ്റവും വലിയ ഗ്രഹമായ വ്യാഴത്തെക്കുറിച്ച്  പഠിക്കാൻ നാസ വിക്ഷേപിച്ച ഉപഗ്രഹം ഏത് ?

ജ്യൂണോ

3. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഗവർണറായി നിയമിക്കപെടുന്നതിനുള്ള കുറഞ്ഞ പ്രായപരുത്തി എത്ര ?

35

4. ബിഹു ഇന്ത്യയിലെ ഏത്ു സംസ്ഥാനത്തെ നൃർത്തരൂപമാണ് ?

ആസ്സാം

5. താപത്തിന്റെ യൂണിറ്റ് ഏത് ?

ജൂൾ

6. ചലനം മൂലം ഒരു വസ്തുവിന് ഉണ്ടാകുന്ന ഊർജം ഏത് ?

ഗതികോർജ്ജം

7. ബംഗാൾ ഉൾക്കടലിൽ പതിക്കാതെ നദി ഏത് ?

# ജനനി

## നെഹാറാന ബീഗം

താഴിട്ട പൂട്ടാതെ താക്കോലെടുക്കാതെ

പടിയിറങ്ങി അവൾ പടിയിറങ്ങി

നാടകജീവിതമാടിത്തിമിർത്തവൾ

സന്താപ സന്തോഷവേഷങ്ങളായ്



ജീവിതാനുഭവജ്വാലതൻ മുന്നിലും

തളരാതെ താങ്ങായി നിറഞ്ഞു നിന്നു

തൻ കൊച്ചുവാക്കിനാൽ സ്നേഹം വിളമ്പി-

ക്കൊണ്ടറിവിന്റെ പാത തെളിച്ചു തന്നു

ചൊല്ലാതെ ചൊല്ലിയും തല്ലാതെ തല്ലിയും

നേർവഴി കാട്ടിക്കടന്നു പോയി.

അഗ്നിനക്ഷത്രമായി ചിരിതൂകിയങ്ങതാ

ആകാശച്ചെരുവിൽ തിളങ്ങി നിൽപ്പൂ.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ചിലന്തി പഠിപ്പിച്ച പാഠം

**ഫാത്തിമ ഷാജഹാൻ**

ഒരു രാജ്യത്തു ഒരു യുദ്ധം നടന്നു . യുദ്ധത്തിനിടെ പലരെയും ശത്രുസൈന്യം വെട്ടിവീഴ്ത്തി . ഒരുപാടുപേർ ചിതറിയോടി. ഒരു സൈനികൻ കാട്ടിലേക്കോടി. കാട്ടിലൊരു ഗുഹയിൽ ഒളിച്ചു. അപ്പോൾ തൻ ഓടി കയറുന്നതിനിടയിൽ ഒരു ചിലന്തിവല നശിച്ചുപോയി. പക്ഷെ ആ ചിലന്തി പിന്നെയും വല കെട്ടി.അപ്പോൾ ഒരു വലിയ കാറ്റു വന്ന് ആ വല വീണ്ടും നശിച്ചു. അപ്പോൾ ആ ചിലന്തി വീണ്ടും വല കെട്ടി . ഇത് രണ്ടുമൂന്നു പ്രാവശ്യം ആവർത്തിച്ചു . എങ്കിലും ചിലന്തി പിന്നെയും വല കെട്ടി. അവസാനം ദൃഢമായ ഒരു കൂടു കെട്ടുകയും അതിൽ താമസിക്കുകയും ചെയ്തു. അപ്പോൾ ഈ സൈനികൻ മനസ്സിൽ ഓർത്തു, ഈ



ചിലന്തിക്കുള്ള ധൈര്യം കൂടി എനിക്കില്ലല്ലോ . രാജ്യത്തെ തിരിച്ചു പിടിക്കും എന്ന വിശ്വാസത്തോടെ അയാൾ ഗുഹയ്ക്ക് വെളിയിലെത്തി . ചിതറിയോടിയ ബാക്കിയൊള്ളവരെയും കൂട്ടി അയാൾ യുദ്ധത്തിന് പുറപ്പെട്ടു. ടോൾക്കുമെന്നു ഉറപ്പായിട്ടും അയാൾ പൊരുതി മുന്നേറി. അവസാനം അയാൾ രാജ്യത്തെ തിരിച്ചുപിടിച്ചു . അവിടെ അയാൾ സസുഖം വാണു .

ഗുണപാഠം : പരിശ്രമം വിജയത്തിലെത്തിക്കും

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# CATCHY RIDDLES

## അപർണ



1. What begins with the letter 'T' , is full of 'T' and finish with 'T' ?

ans. Teapot

2. What is the alphabet that contains the water in it ?

ans. The letter 'C'

3. ' I have a face and two hands,but no arms or legs'.What am I ?

ans. Clock

4. What needs to be broken before you use it ?

ans. An egg

5. What has a neck but no head ?

ans. Bottle

6. What goes up , but never comes down ?

ans. Age

7. Which two keys cannot open any door ?

ans. A Donkey and A Monkey

8. What is four legged but cannot walk ?

ans. A Table

9. What kind of cup can't hold water ?

ans. A Cupcake


10. What is something you will never seen again ?

ans. Yesterday

# പശ്ചാത്താപം ഒരു പ്രാശ്ചിത്തമോ ?

## കൃഷ്ണ എം.എസ്

കണ്ണന് അമ്മയാണെല്ലാം . നേരം പുലരുമ്പോൾ ആദ്യം ഉണരുന്നത് കണ്ണനാണ് . പല പല വീടുകളിൽ ജോലി ചെയ്ത് മടങ്ങിയെത്തുന്ന അമ്മ ക്ഷീണിച്ച് ഉറങ്ങുകയാവും അപ്പോൾ. അമ്മയുടെ പാദങ്ങൾ തൊട്ടുവന്ദിച്ചേ കാണാനെഴുന്നേൽക്കൂ. 'മാതൃപാദങ്ങളിൽ തൊട്ടുവന്ദിച്ചേ തുടങ്ങാവൂ ദിനമോരോന്നു'മെന്ന് മാഷ് പറഞ്ഞത് കണ്ണനെന്നും പാലിച്ചുപോന്നു.



നാട്ടിൻപുറത്തെ സ്കൂളിലാണ് കണ്ണൻ പഠിക്കുന്നത്. എത്ര കഷ്ടപ്പെട്ടായാലും അവനു പഠിക്കാൻ വേണ്ടതൊക്കെ അമ്മ വാങ്ങിക്കൊടുക്കും . കണ്ണനും അമ്മയും മാത്രമാണ് ആ വീട്ടിലുള്ളത്. അവന്റെ ലോകമേ അമ്മയാണ്. 'പഠിച്ചുവളരണം' എന്ന അമ്മയുടെ വാക്കുകൾ കണ്ണനെന്നും പ്രാവർത്തികമാക്കികൊണ്ടിരുന്നു. അമ്മയുടെ പ്രതീക്ഷക്കൊത്തുതന്നെ അവൻ വളർന്നു. പഠിത്തത്തിലും കലയിലും ഒരുപോലെ അവൻ ഒന്നാമതെത്തി. കൂട്ടുകാരിൽ പലർക്കും അവനോടസൂയയായി. അസൂയ മൂത്ത കൂട്ടുകാരിലൊരാൾ അവനോടു വഴക്കിട്ടു . കണ്ണനെ അപമാനിക്കാനായി മറ്റുള്ളവർ കേൾക്കെ അവൻ പലതും വിളിച്ചുപറഞ്ഞു ;

"..... നീ വലിയ ആളൊന്നുമാവേണ്ട . വീട്ടുവേലക്കാരി കുരുട്ടുക്കണ്ണിയുടെ മോനല്ലേ നീ . പലരുടെയും എച്ചില് തിന്നല്ലേ നീ ജീവിക്കുന്നത്....."

കണ്ണന്റെ കണ്ണ് നിറഞ്ഞു .കൂട്ടത്തിൽ നിന്ന് അവൻ ഓടിപ്പോയി. ഒറ്റയ്ക്കിരുന്ന് പൊട്ടിക്കരഞ്ഞു. 'കുരുട്ടുക്കണ്ണി ', ആ വിളി അവന്റെ മനസ്സിൽ മായാതെ നിന്നു.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

കരച്ചിലിനിടയിൽ എപ്പോഴോ അവനോർത്തു ; "ശരിയാ ..... എന്റെ അമ്മ കരുട്ടുക്കണ്ണി തന്നെയാ .. അമ്മയ്ക്ക ഇടതുകാണമാത്രമേയുള്ളൂ. വലതുകണ്ണിന്റെ സ്ഥാനത്ത് തൊലി കൊണ്ട് മൂടിയ ഒരുടം. കരുവാളിച്ച മുഖത്ത് അതുണ്ടാക്കുന്ന ഭീകരത....."

അന്നാദ്യമായി കണ്ണന് അമ്മയോടൊരു ഭയം തോന്നി.... പിന്നെ അത് വല്ലാത്തൊരനിഷ്ടമായി . ആ മുഖം അറപ്പുളവാക്കുന്ന ഒന്നായി. ആ പാദങ്ങളിൽ എന്നും തൊട്ടുവന്ദിച്ചിരുന്ന പതിവ് മുടങ്ങി. അമ്മയോടുള്ള മിണ്ടാട്ടം കുറഞ്ഞു . അവൻ സദാ പുസ്തകങ്ങളിൽ മുഴുകി. സാധുവായ അമ്മ അവനിലെ മാറ്റങ്ങൾ കണ്ടു സന്തോഷിച്ചു . മകൻ വളരുകയല്ലേ.. അവനൊരുപാട് പഠിക്കാനില്ലേ... കുട്ടികൾ വളരുംതോറും മാറും- 'അമ്മ സന്തോഷിച്ചത് അങ്ങനെയായിരുന്നു. അമ്മയെയും പിന്നെ നാടിനെയും അവൻ വെറുത്തു. അവയിൽ നിന്നൊക്കെ അകലാൻ അവൻ വാശിയോടെ പഠിച്ചു . മകൻ പഠിച്ചു വളരാനായി ആ മാതൃഹൃദയം എന്നും പ്രാർത്ഥിച്ചു. പഠനം അവനെ ലക്ഷ്യത്തിലെത്തിച്ചു. അവൻ വല്യ ഉദ്യോഗസ്ഥനായി. നഗരത്തിൽ സ്ഥിരതാമസമാക്കി. പിന്നെ അവനിലൊരു പ്രണയം തളിരിട്ടു. ഇഷ്ടപെട്ട പെൺകുട്ടിയെ തന്നെ വിവാഹം കഴിച്ചു . സുവർണ്ണ മുഹൂർത്തങ്ങളിലൊന്നിലും അമ്മയെ കൂട്ടാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിച്ചു.

മധുവിധു കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ വീട്ടിലെ തപാൽ പെട്ടിയിൽ അവനെയും കാത്തു കിടന്ന കത്തുകളിലൊന്ന് അവന്റെ അമ്മയുടേതായിരുന്നു. അവൻ അത് പൊട്ടിച്ചു വായിച്ചു.

മോനെ കണ്ണാ ,

അമ്മയ്ക്ക് സുഖമില്ല മോനെ . അമ്മയിപ്പോൾ ക്ഷയരോഗാശുപത്രിയിലാണ്. രോഗം കടുത്തു പോയി . അമ്മ ചിലപ്പോൾ പെട്ടന്ന് മരിച്ചുപോകും . എന്നാലും മോൻ വിഷമിക്കരുത്. അമ്മയ്ക്ക് നിന്നെ കാണാം മോനെ. മരിച്ചാലും കണ്ടുകൊണ്ടേയിരിക്കും. കുഞ്ഞുനാളിലെ വീഴ്ചയിൽ നിനക്ക് നഷ്ടപെട്ട വലതു കണ്ണിനു പകരം വച്ചിരിക്കുന്നത് അമ്മയുടെ കണ്ണാണ്. അതിലൂടെ ഞാൻ നിന്നെ കാണുന്നതാണ്. കാവലായി നിനക്ക് ഈ അമ്മയുണ്ട്.
എന്ന്,
സ്നേഹത്തോടെ അമ്മ

ആ കടലാസുതാൾ അവന്റെ കൈലിരുന്നുവിറച്ചു. ഇറ്റുവീണ കണ്ണീർ അതിലെ മഷി പടർത്തി. കവറിൽ നിന്ന് വീണ, കാലം നശിപ്പിച്ച ഫോട്ടോ അവനെടുത്തു നോക്കി. 'തന്നെ

മടിയിലിരുത്തി തിളങ്ങുന്ന രണ്ടുകണ്ണുകളോടെ അച്ഛനോടൊപ്പം ഇരിക്കുന്ന അമ്മ'. അതിൽ അമ്മയുടെ മുഖത്തിനു അറപ്പുളവാക്കുന്ന രൂപമല്ല... ആ മുഖത്ത് ഭീകരതയും ഇല്ല . ഒരിക്കലും അടങ്ങാത്ത വാത്സല്യത്തിന്റെ സൂര്യ ശോഭയാർന്ന അമ്മയുടെ മുഖം.  ചെയ്ത പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻ കണ്ണൻ നാട്ടിലെത്തി. പക്ഷെ ആ അമ്മ യാത്രയായി കഴിഞ്ഞിരുന്നു. താൻ നേടിയത് മുഴുവൻ ശൂന്യത മാത്രമായിരുന്നു എന്നവൻ അന്ന് മനസിലാക്കി. അപ്പോഴും അവന്റെ വലതു കണ്ണ് തുടിക്കുന്നുണ്ടായിരുന്നു. തെറ്റേതിനും മാപ്പേകുന്ന മഹനീതിപീഠമാണമ്മ. പക്ഷെ അതുകൊണ്ട് വീണ്ടും വീണ്ടും തെറ്റിലേക്ക് നീങ്ങരുത്. അമ്മയുടെ മുന്നിൽ നിന്ന് പശ്ചാത്താപിക്കരുത്. ആ പശ്ചാത്താപം ഒരു പ്രായശ്ചിത്തമല്ല.

# വായനക്കുറുപ്പ്

## അനൻ സാജ്

### പൂച്ചക്കുട്ടി



വിശ്വപ്രസിദ്ധ റഷ്യൻ സാഹിത്യകാരൻ ലിയോടോൾസ്റ്റോയുടെ 'സ്റ്റോറി ഫോർ ചിൽഡ്രനിലെ കഥകൾ പുനരാഖ്യാനം ചെയ്ത അഞ്ജന ശശി എഴുതിയ 'പൂച്ചക്കുട്ടി' എന്ന കഥയാണ് ഞാൻ വായിച്ചത്. ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ 'വസ്യ, കാത്യ' എന്ന് പേരുള്ള രണ്ടു കുട്ടികളാണ് അവർക്കു വളരെ ദാരിദ്ര്യം നിറഞ്ഞ കുടുംബമാണ് ഉള്ളത്. അവരുടെ വീട്ടിൽ അവർക്കു കളിയ്ക്കാൻ കൂട്ടിനു ഒരു പൂച്ചകുട്ടിയുണ്ടായിരുന്നു. ഒരു ദിവസം പൂച്ചകുട്ടിയെ കാണാതായി. 'വസിക്കും കാത്യക്കും വളരെ സങ്കടമായി അവർ ഒരു ദിവസം ധാന്യപ്പുരക്കരികിൽ കളിക്കുന്നതിനിടെ 'മ്യാവു ' എന്ന കഞ്ഞു സ്വരം കേട്ട്. നോക്കിയപ്പോൾ അവരുടെ കാണാതായ പൂച്ചക്കുട്ടി അവിടെ ഉണ്ട്. കൊടാതെ അതിന് അഞ്ചു കുഞ്ഞുങ്ങളും ജനിച്ചു. ഇത് കണ്ട 'അമ്മ പൂച്ച കുഞ്ഞുങ്ങൾ വലുതായപ്പോൾ അവരുടെ അപ്പോഴത്തെ ദാരിദ്ര്യം മാറ്റാൻ വേണ്ടി പൂച്ച കുഞ്ഞുങ്ങളെ മറ്റാർക്കോ കുറച്ചു പൈസക്ക് നൽകി. അതിനു മുൻമ്പേ അതിൽ നിന്ന് ഒരു പൂച്ചകുട്ടിയുടെ കുട്ടികളുടെ എടുത്തു. അവർ അതിനെ പൊന്നു പോലെ നോക്കി. എല്ലാ പ്രശ്നങ്ങളിൽനിന്നും അവർ ആ പോച്ചക്കുട്ടിയെ

ഗവ.എച്ച്.എസ്.അവനവഞ്ചേരി

രക്ഷപ്പെടുത്തി. രണ്ടു കുട്ടികൾക്കും പൂച്ച കുട്ടിയോടുള്ള സ്നേഹം അവർ അതിനോട് മനസ്സുതുറന്ന് കാണിക്കുന്നുണ്ട്. കഥയിൽ പിന്നെ ഒരു അപകടമാണ് വന്നെത്തിയത്. പൂച്ചകുട്ടിയെ ലോറിയിൽ നിന്ന് രക്ഷപ്പെടുത്താൻ നോക്കിയാ കാത്യ എന്ന പെൺകുട്ടിക് അപകടം പറ്റി. മാത്രമല്ല വസ്യ മരിച്ചുപോയി. പൂച്ചകുട്ടിക്ക് അത് സഹിക്കാനായില്ല.താൻ കാരണമാണ് ആ അപകടം ഉണ്ടായതെന്ന് മനസിലാക്കിയ പൂച്ചക്കുട്ടി പിന്നെ അവരുടെ വീട്ടിൽ വീട്ടുകാർക്ക് തുണയായി കഴിയാമെന്നെ വിചാരിച്ചു. പക്ഷെ ആ പൂച്ചകുട്ടിയെ അവരുടെ 'അമ്മ അടിച്ചു ഒട്ടിച്ചു. കാരണം പൂച്ചക്കുട്ടി കാരണമാണ് അവരുടെ രണ്ടു മക്കൾക്കും ഈ അവസ്ഥ വന്നത്. എന്ന് അമ്മയുടെ മനസിലുമുണ്ടായിരുന്നു. കാത്യയ്ക്ക പിന്നെ താഴുന്നത് നടക്കാൻ കഴിഞ്ഞിട്ടില്ല. പിന്നെ സങ്കടം സഹിക്കാൻ കഴിയാത്ത ആ പൂച്ചക്കുട്ടി എവിടയോ പോയി. എവിട പോയെന്നോ , എന്തുപറ്റിയെന്നോ പിന്നെ ആർക്കും അറിയാൻ പറ്റിയിട്ടില്ല. എന്തായാലും വസ്യയും ആത്മാവും കാത്യയുടെ പ്രാർഥനയും ആ പൂച്ച കുട്ടിയ സുരക്ഷിത മായി നോക്കികൊള്ളുമെന്നും ഈ കഥയിൽ പറയുന്നുണ്ട് .

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# Facts Of Life

**അലൻ അർജ്ജുൻ**



The most destructive habit - Worry

The greatest joy - Giving

The greatest loss - Loss of self respect

The most satisfying work - Helping others

The ugliest personality trait - Selfishness

The most endangered species - Dedicated leaders

The greatest natural resource - Our youth

The greatest "shot in the arm" - Encouragement

The greatest problem to overcome - Fear

The most effective sleeping pill - Peace of mind

The most crippling failure - Excuse

The world's most incredible computer - Brain

The waste thing to be without - Hope

The deadliest weapon - Tongue

The power filled word - " I can "

The greatest asset - Faith

The most worthless emotion - Selfpity

The most beautiful attire - Smile

The most prized procession - Integrity

The most powerful chance of communication - Prayer

The most contageous spirit - Enthusiasm

The most important thing in life - God

# വായനക്കുറുപ്പ്

## അമൽജിത്ത്

### യാഥാർഥ്യമായ സ്വപ്നം



എ. ബി. വി കാവിൽപ്പാട് എഴുതിയ " യാഥാർഥ്യമായി സ്വപ്നം" എന്ന റഷ്യൻ പുസ്തകമാണ് ഞാൻ വായിച്ചത്. നൈജിയ എന്ന പേരുള്ള പെൺകുട്ടിയാണ് ഇതിലെ പ്രധാന കഥാപാത്രം. തളർന്നു കിടക്കുന്ന ഒരു അമ്മയും അവൾ താമസിക്കുന്ന ഒരു കുഞ്ഞു കുടിലാണ് അവൾക്ക് സ്വന്തം എന്ന് പറയാനുള്ളത്. അതി സുന്ദരിയായിരുന്നു. ആ പെൺകുട്ടി ഭംഗിയുള്ള ഉടുപ്പുകൾ തുന്നി ചന്തയിൽ കൊണ്ടു പോയി വിറ്റുകിട്ടുന്ന പണം കൊണ്ടാണ് തന്റെ വൃദ്ധമാതാവിനോടൊപ്പം അവൾ കഴിയുന്നത്. ഒരു ദിവസം തുന്നൽ പണി എല്ലാം  കഴിഞ്ഞു ഏറെ വൈകിയാണ് ആ കുട്ടി ഉറങ്ങാൻ കിടന്നത് . അന്ന് അവളുടെ കഷ്ടപാടെല്ലാം കണ്ട സ്വപ്നം ദേവത അവളെ സന്തോഷിപ്പിക്കാൻ സന്തോഷമുള്ളൊരു സ്വപ്നം അവൾക്കു കാണിച്ചു കൊടുത്തു. ആ സ്വപ്നത്തിൽ ഒരു രാജകുമാരനും, കൂടെ താൻ രാജകുമാരിയെ പോലെ വസ്ത്രം ഇട്ടു രാജകുമാരന്റെ കൂടെ നൃത്തം കളിക്കുന്നതും കണ്ടു. രാവിലെ

തന്നെ അതുപോലെ ഒരു വസ്ത്രം തുന്നാൻ അവൾ തുടങ്ങി. പിന്നെ അങ്ങോട്ട് നിരന്തരം രാജകുമാരന്റെ സ്വപ്നമാണ് അവൾ കണ്ടുകൊണ്ടിരിക്കുന്നത്. പിന്നെ അവളുടെ ജീവിതത്തിൽ പല സങ്കടം നിറഞ്ഞ സന്ദർഭങ്ങളും അവൾക്കു കടക്കേണ്ടി വന്നു. ഒരു ദിവസം അവൾ കാട്ടിൽ കൂടെ നടന്നു സ്വപ്നത്തിൽ കണ്ട നദിക്കരയിൽ എത്തി. അവിടെ അവളുടെ സ്വപ്നത്തിലെ രാജകുമാരൻ വേട്ട കഴിഞ്ഞു തളർന്നു മരച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. ആ വിശ്രമത്തിൽ അവൻ ഉറങ്ങി. രാജകുമാരന്റെ സ്വപ്നത്തിൽ സ്വപ്ന ദേവത നൈജിയെ കാണിച്ചു കൊടുത്തു. നദിക്കരയിൽ നിന്ന് വെള്ളം കുടിക്കുന്ന രാജകുമാരിയെയാണ് സ്വപ്നം കണ്ടത്. അവളെ തിരക്കി രാജകുമാരൻ നദിക്കരയിൽ എത്തി. രണ്ടു പേരും കണ്ടു മുട്ടി. രണ്ടു പേർക്കും ഇത് യാഥാർഥ്യമാണോ എന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. രാജകുമാരിയെ കണ്ടതോടെ രാജകുമാരൻ അവളെ കുതിരയുടെ മുകളിൽ കേറ്റിയിരുത്തി. രാജകൊട്ടാരത്തിൽ കൊണ്ട് പോയി. രഞ്ജിക്കും രാജാവിനും നൈജിയ എന്ന സുന്ദരിക്കുട്ടിയെ ഇഷ്ട്ടപ്പെട്ടു. വൈകാതെ തന്നെ അവരുടെ വിവാഹം കഴിഞ്ഞു. നൈജിയയുടെ അമ്മയെ കൊട്ടാരത്തിൽ കൊണ്ട് വരുകയും ചെയ്തു.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# വായനക്കുറുപ്പ്

**അജൻ സാജ്**

## പാത്തുമ്മയുടെ ആട്



ഇന്ന് വായനാദിനം. ആ ദിനത്തിന്റെ മഹത്വം പുതു തലമുറയിൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വീടിനടുത്തുള്ള വായനശാലയിൽ നിന്നും എനിക്ക് ഏറ്റവും പ്രിയപ്പെട്ട കഥാകൃത്തിന്റെ ബുക്കുമായി ഞാൻ വീട്ടിലെത്തി. വൈക്കം മുഹമ്മദ് ബഷീറിന്റെ "പാത്തുമ്മയുടെ ആട് " എന്ന മനോഹര കഥ ഞാൻ വായിക്കാൻ ഇരുന്നു. വൈക്കം മുഹമ്മദ് ബഷീർ എന്ന മലയാളികളുടെ പ്രിയപ്പെട്ട എഴുത്തുകാരൻ വൈക്കത്ത് ജനിച്ചു.അദ്ദേഹത്തിന്റെ പ്രധാനകൃതികൾ പ്രേമലേഖനം , ബാല്യകാലസഖി , ശബ്ദങ്ങൾ , ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് , ആനവാരിയും പൊൻകുരിശും എന്നിവയാണ്. 1982-ൽ  പദ്മശ്രീ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

"പാത്തുമ്മയുടെ ആട്" എന്ന അദ്ദേഹത്തിന്റെ കൃതി നാട്ടിൻപുറവും അവിടത്തെ സാധാരണ ജനജീവിതവും വരച്ച് കാട്ടുന്നു. ബഷീറിന്റെ വീട്ടിൽ നടക്കുന്ന ഓരോ ദിവസത്തെയും സംഭവങ്ങൾ വളരെ രസകരമായി അദ്ദേഹം ഈ നോവലിൽ വിവരിച്ചിട്ടുണ്ട്.അദ്ദേഹത്തിന്റെ ഈ കഥ വായിക്കും തോറും വളരെ രസകരമായി തോന്നുന്നു. ബഷീർ അദ്ദേഹത്തിന്റെ അമ്മയെയും സഹോദരങ്ങളെയും ഈ നോവലിൽ കഥാപാത്രങ്ങളായി ചിത്രീകരിക്കുന്നു. "പാത്തുമ്മയുടെ ആടിന്റെ മേഡ് രാവിലെ തുടങ്ങി " എന്ന ആരംഭ വാക്യത്തിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ഭാഷ പ്രയോഗവും , ഫലിതവും മനസിലാക്കാൻ സാധിച്ചു. ഈ കഥയിൽ അദ്ദേഹം തന്റെ സഹോദരി പാത്തുമ്മയെ പ്രധാനകഥാപാത്രം ആക്കുന്നതോടൊപ്പം പാത്തുമ്മയുടെ ആടിനെയും വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നു. കഥാകൃത്തും

സഹോദരപുത്രരും കൂടി പുഴയിൽ കളിക്കാൻ പോകുന്നത് വളരെ രസകരമായി തോന്നി. "ലൈലയും, അബിയും , പാത്തുക്കുട്ടിയും ,സൈദു മുഹമ്മദും " ഒക്കെ എന്നെ കൗതുകത്തോടെ അടുത്ത പേജുകൾ വായിക്കാൻ പ്രോത്സാഹിപ്പിച്ച കഥാപാത്രങ്ങളാണ്. ഇതാരുടെ ആട് ?എന്തൊരു സ്വാതന്ത്ര്യമാണ് കാണിക്കുന്നത് എവിടെയെല്ലാം കയറുന്നു ! എന്തെല്ലാം ചെയുന്നു ! എന്നിട്ട് ആരും ഒന്നും മിണ്ടുന്നില്ല. കേൾപ്പോരും കേൾവിക്കാരുമില്ലാത്ത വീട് ! ഇതൊരു ഗ്രാമീണന്റെ സാധാരണ ജീവിതത്തിന്റെ നേർക്കാഴ്ചയാണ്. ഇത്തരം കാഴ്ചകൾ ഗ്രാമപ്രദേശത്ത് നമുക്ക് കാണാൻ കഴിയും . വായിക്കുമ്പോൾ ചിരിയുണർത്തുന്ന ഭാഗങ്ങൾ ഈ കഥയിൽ ധാരാളം ഉണ്ട്. കഥാകൃത്തിന്റെ പെട്ടിപ്പുറത്തു നിന്ന് ബാല്യകാലസഖി, ശബ്ദങ്ങൾ എന്നീ പുസ്തകങ്ങളുടെ കോപ്പികൾ ആടുതിന്നുന്നത് അദ്ദേഹം വളരെ നർമ്മത്തോടെ എഴുതിയിട്ടുണ്ട്.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# മലയാളത്തിൽ ആദ്യമായ്

ധനേഷ് എ

ചോദ്യം ഉത്തരം




ആദ്യമഹാകാവ്യം – രാമചന്ദ്രവിലാസം


ആദ്യ വഞ്ചിപ്പാട്ട് – കുചേലവൃത്തം

| | | |
|---|---|---|
| ആദ്യ സന്ദേശകാവ്യം | _ | ഉണ്ണിനീലി സന്ദേശം |
| ആദ്യ കിളിപ്പാട്ട് | _ | അദ്ധ്യാത്മരാമായണം |
| ആദ്യ തുള്ളൽകൃതി | _ | കല്യാണസൗഗന്ധികം |
| ആദ്യ ഖണ്ഡകാവ്യം | _ | മലയവിലാസം |
| ആദ്യ നോവൽ | _ | കുന്ദലത |
| ആദ്യ വിലാപകാവ്യാം | _ | ഒരു വിലാപം |
| ആദ്യ ചെറുകഥ | _ | വാസനാവികൃതി |

# വായനക്കുറുപ്പ്

## ദി ആൽകെമിസ്റ്റ് – പൗലോ കൊയ്ലോ

**മുഹമ്മദ് ഹൈസം**




ലോക പ്രശസ്ത്ര ബ്രസീലിയൻ സാഹിത്യകാരനായ ശ്രീ.പൗലോ കൊയ്ലോ നാടകകൃത്ത്, നാടകസംവിധായകൻ , ഗാനരചയിതാവ് ,നോവലിസ്റ്റ് , സർവോപരി പത്രപ്രവർത്തകൻ ഇനി നിലകളിൽ പ്രസിദ്ധനാണ്. അദ്ദേഹത്തിന്റെ ലോകപ്രശസ്തമായ നോവലാണ് "ദി. ആൽക്കമിസ്റ്റ്" .


സാന്റിയാഗോ എന്ന ഇടയബാലനാണ് ഈ നോവലിലെ കേന്ദ്ര കഥാപാത്രം. അവന് ഒരു സ്വപ്നദർശനം ഉണ്ടാകുന്നു . ആട്ടിൻപറ്റങ്ങളെ മേയിച്ചു നടക്കുമ്പോൾ ഒരു കഞ്ഞു അവന്റെ കൈപിടിച്ചു ഈജിപ്റ്റിലെ പിരമിഡുകളുടെ അരികിൽ കൊണ്ടുപോയി അവിടെയുള്ള നിധി കാട്ടിക്കൊടുക്കുന്നു. ഈ സ്വപ്നത്തിന്റെ പ്രേരണയിൽ സാന്റിയാഗോ യാത്ര തിരിക്കുന്നു . ആ യാത്രയുടെ കഥയാണ് "ദി. ആൽകെമിസ്റ്റ് ". അതു വെറും യാത്രയല്ല .ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർത്ഥയാണ്. പതിനാറു വയസുവരെ സാന്റിയാഗോ ഒരു സെമിനാരിയിൽ പഠിച്ചിരുന്നു. ഒരു പുരോഹിതനിൽ നിന്നും ലാറ്റിനും , സ്പാനിഷും ,ദൈവശാസ്ത്രവും പഠിച്ചു. എന്നാൽ ദൈവത്തെ അറിയുന്നതിലും വലുതാണ് ലോകത്തെ അറിയൽ എന്ന അറിവിൽ അവൻ സെമിനാരിയിലെ പഠനം ഉപേക്ഷിച്ചു. അവന്റെ വഴികളിൽ പുസ്തകങ്ങൾ കൂട്ടിനുണ്ടായിരുന്നു .എന്നാൽ പിന്നീട് അവൻ പുസ്തകങ്ങളും ഉപേക്ഷിച്ചു. പുസ്തകങ്ങളിൽ നിന്നു മാറി മരുഭൂമിയിലെ കെട്ടുവണ്ടികളിലും ഒട്ടകനടത്തങ്ങളിലും മരുകാറ്റിന്റെ കൈകളിലും അവൻ അറിവ് അന്വേഷിക്കുന്നു .യഥാർത്ഥ അറിവ് പുല്ലിൽ നിന്നും പൂവിൽ നിന്നും കിട്ടുമെന്ന് അവൻ അറിയുന്നു. യാത്രയായിരുന്നു സാന്റിയാഗോവിന്റെ ലക്ഷ്യം .പരിചയപ്പെട്ട കറുത്ത മുടിയുള്ള പെൺകുട്ടിയുടെ സാന്നിധ്യത്തിൽ സാന്റിയാഗോവിന് യാത്ര

മതിയാകുന്നുണ്ടെങ്കിലും മരുഭൂമിയിൽ നിന്നും വീശുന്ന കാറ്റുകൊണ്ടുവരുന്ന പ്രലോഭനങ്ങളാണ് സാന്റിയാഗോവിനെ വീണ്ടും യാത്രയിലേക്കുണർത്തുന്നത്.

ഈ യാത്രയിൽ നമുക്കുള്ളതെല്ലാം നഷ്ടപ്പെട്ടേക്കാം. അതിൽ ദുഃഖിക്കരുത്. കാരണം വേണ്ടതെല്ലാം സ്വന്തമാക്കാൻ ഇനിയും കാലമുണ്ട്. ഈജിപ്റ്റിലെ പിരമിടുകളുടെ ചുവട്ടിൽ വരെ അവൻ യാത്ര ചെയ്തു.ആ യാത്രയിൽ അവനറിഞ്ഞത് യാത്ര തുടങ്ങിയ പള്ളിമുറ്റത്താണ് നിധികുഴിച്ചിട്ടിരിക്കുന്നതു എന്നു മാത്രം.ആ യാത്ര തന്നെയാണ് നിധിയെന്ന സത്യം അവനറിഞ്ഞു ആടുകളുടെ ഭാഷാമാത്രം അറിയാവുന്ന സാന്റിയാഗോ അങ്ങനെ ലോകത്തിന്റെ വഴികളറിഞ്ഞു വാക്കുകളില്ലാത്ത ഭാഷ ശീലിച്ചു. ആ ഭാഷ കൊണ്ട് ലോകത്തെ അറിഞ്ഞു. ആൽക്കെമിസ്റ്റായി. ചുരുക്കത്തിൽ, സ്വപ്നങ്ങളാണ് മനുഷ്യനെ ജീവിപ്പിക്കുന്നതും വിരസമായിപ്പോയ ജീവിതത്തെ മുന്നോട്ട് നയിക്കുന്നതും. അതിനാൽ നമ്മൾ വലിയ സ്വപ്നങ്ങളുടെ പാതവിൻ തുടരണമെന്നും അത് നമുക്ക് ജീവിത സാഫല്യത്തിലേക്കുള്ള വഴികാട്ടിയാണെന്നും ഈ നോവൽ ബോധ്യപ്പെടുത്തുന്നു.

# വായനക്കുറുപ്പ്

## ആടുജീവിതം –ബെന്യാമിൻ




### ആകാശ് ജെ

യുവസാഹിത്യകാരനായ ബന്യാമിന്റെ അതി മനോഹരമായ ഒരു നോവലാണ് 'ആടുജീവിതം ". ജീവിച്ചിരിക്കുന്ന ഒരു മനുഷ്യന്റെ പച്ചയായ അനുഭവമാണ് ഈ നോവലിൽ ഇതിവൃത്തം. നാൽപത്തിമൂന്ന ഖണ്ഡങ്ങളായി പറന്നു കിടക്കുന്ന ഈ നോവലിലെ കേന്ദ്ര കഥ പാത്രമാണ് നജീബ് . മനുഷ്യസഹനത്തിന്റെ ഒരു ഇതിഹാസ കഥ തികച്ചും ലളിതമായ ഭാഷയിൽ കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നത് . സങ്കീർണമായ ഒരു കഥാഘടന ഈ നോവലിനില്ല . ബത്തായിലെ ഒരു പോലീസ് സ്റ്റേഷന് മുന്നിൽ കുട്ടകാരനായ ഹമീദുമൊത്തു നിൽക്കുന്ന നജീബിനെയാണ് നോവലിന്റെ ആദ്യഭാഗത്തു നമുക്ക് കാണാൻ കഴിയുന്നത്. റിയാദ് വിമാനത്താവളത്തിൽ വച്ച് നജീബിനെയും ഹക്കീമിനെയും ഒരു അർബാബ് കടത്തിക്കൊണ്ടു പോയി. മാതൃഭൂമിയുടെ നടുവിലുള്ള വിജനതയിൽ ആട്ടിൻ പറ്റത്തിൽ എത്തിക്കുന്ന പിന്നീടുള്ള നജീബിന്റെ ജീവിതം അതികഠിനമായിരുന്നു. മാതൃഭൂമിയുടെ മണൽ പരപ്പിൽ ഒരുപറ്റം ആടുകൾക്കൊപ്പം അതിലൊരുആടായി കാലമോ ദൈർഖ്യമോ തിരിച്ചറിയാകാത്ത സഹനത്തിന്റെ നെല്ലിപ്പലക കണ്ടു അവൻ കഴിച്ചുകൂട്ടി. എല്ലാപ്രതീക്ഷകളും തകർത്തെറിഞ്ഞു ഒരു തുള്ളി വെള്ളത്തിന് പോലും നിരന്തര പ്രഹരം വിലകൊടുക്കേണ്ടി വന്നു ,ആടിന്റെ വില പോലും ഇല്ലാത്തവനാണ് ആട് ജീവിതത്തിലേക്കിറങ്ങി ചെന്ന് അതിലൊന്നായി രക്ഷതേടുന്നത്. ഒരു മനുഷ്യായുസിന്റെ മുക്കാൽ പങ്കും നജീബ് ആ മസറയിൽ അനുഭവിച്ചുതീർത്തു. രക്ഷ പെടാൻ പല തവണ നോക്കിയെങ്കിലും സാധിച്ചില്ല. ഒടുവിൽ പല പ്രതിബന്ധങ്ങളെയും തരണം ചെയ്തു മണലാരണ്യത്തിലൂടെ രക്ഷ നേടാൻ ശ്രമിക്കുന്നു. ക്ഷീണിതനായി വഴി വക്കിലിരുന്ന നജീബിനെ ഒരു നല്ല മനുഷ്യൻ ദാഹ ജലം നൽകുകയും 'കുഞ്ഞിക്ക ' എന്ന സ്നേഹ സമ്പന്നനായ മനുഷ്യന്റെ അടുത്തെത്തിക്കുകയും ചെയ്യുന്നു. കുഞ്ഞിക്കയുടെ ശ്രമഫലമാണ് നജീബിന് സ്വന്തം നാട്ടിലെത്താൻ കഴിഞ്ഞത്.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

ചുരുക്കത്തിൽ ഒരുപാട് സ്വപ്നങ്ങൾ കണ്ടുകൊണ്ടു അക്കരപ്പച്ച തേടിപ്പോകുന്ന ഓരോ വ്യക്തിയും തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് "ആടുജീവിതം ". ഈ നോവൽ ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടല്ല,ചുരവർക്കുന്ന ജീവിതം തന്നെയാണ്

# കുസൃതി ചോദ്യങ്ങൾ

## അഭികൃഷ്ണ

1 . എല്ലാ സാധനകളും താഴെ വീണാൽ അവിടെ കിടക്കില്ല . എന്നാൽ താഴെ വീണാൽ മുകളിലോട്ടാവും വരുന്നത് ?

പന്ത്



2 . ആമയെ മറിച്ചിട്ടാൽ ?

മറിയാമ്മ

3 . ആളുകൾ കയറുന്ന ബസ്സ് ?

ക്യാമ്പസ്

4 . സൂര്യനും ചന്ദ്രനും കാണാത്ത വസ്തു ?

ഇരുട്ട്

5 . തറക്കാൻ പറ്റാത്ത ആണി ?

ബിരിയാണി

6 . ഭാരമില്ലാത്ത ടൺ ?

ബട്ടൺ

7 . ഭാഗ്യമിപ്പോൾ എന്നറിയപ്പെടുന്ന നഗരം ?

ലക്നൗ ( Luck Now )

# വായനക്കുറുപ്പ്

## ബാലിദ്വീപ്

### സാം ഷിബു



ജ്ഞാനപീഠം ജേതാവും സഞ്ചാര സാഹിത്യകാരനുമായ ശ്രീ .എസ് .കെ പൊറ്റക്കാടിന്റെ മനോഹരമായ ഒരു യാത്രാവിവരണമാണ് 'ബാലിദ്വീപ്'. സഞ്ചാരികളുടെ സ്വർഗം എന്ന് അറിയപ്പെടുന്ന ബാലിദ്വീപിലേക്കു അദ്ദേഹം നടത്തിയ യാത്രയും അവിടെ കണ്ട നയനാനന്ദകരമായ കാഴ്ചകളും വളരെ തന്മയത്വത്തോടെ അദ്ദേഹം ഈ കൃതിയിൽ വിവരിച്ചിരിക്കുന്നു. കേരളത്തിന്റേതായ പ്രകൃതിവിലാസങ്ങളും പഴയ കേരളസംസ്കാര പ്രതിഭാസങ്ങളും ആചാരവിശേഷങ്ങളും ആരാധനാസമ്പ്രദായങ്ങളും അങ്ങനെ തന്നെ ഇന്നും കണ്ടെത്താവുന്ന ഒരു കൊച്ചു നാടാണ് ബാലിദ്വീപ് . ലോകത്ത് ഇന്ത്യക്കു പുറത്തു ഇന്നും നിലനിന്നുവരുന്ന ഒരേ ഒരു പ്രാചീന ഹൈന്ദവ രാജ്യമാണ് ബാലിദ്വീപ്. ബലിക്കാരും കേരളീയരും ഒരു പഴയ സംസ്കാര വടവൃക്ഷത്തിന്റെ വിദൂര വർത്തികളായ രണ്ടു വേരുകളാണ്. ബാലിക്കാരുടെ ലോകം ബാലിദ്വീപിൽ മാത്രം ഒതുങ്ങി നിൽക്കുന്നഒന്നാണ്. ബാഹ്യലോകത്തെ കുറിച്ചും അവർക്കു ഒന്നും അറിഞ്ഞുകൂടാ. അറിയാൻ അവർകോട്ടും താത്പര്യവുമില്ല. വിദേശിയരായ സന്ദർശകർ ബലിയിൽ വരുന്നത് എന്തിനാണെന്നു പോലും അവർക്കറിയില്ല.എന്നാൽ ഇന്ദ്രപ്രസ്ഥവും ഗംഗയും ദണ്ഡകാരണ്യവും അവർ ബാലിദ്വീപിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. അവർ രാമായണത്തിന്റെയും ഭാരതത്തിന്റെയും

കാലങ്ങളിലേക്കു നീങ്ങി ജീവിക്കുന്നവരാണ്. നവീനവിദ്യാഭ്യാസം സിദ്ധിച്ച ബലിക്കർ പോലും വീട്ടിലിരിക്കുമ്പോൾ ത്രേതായുഗത്തിന്റെ അന്തരീക്ഷത്തിൽ ചിന്തിക്കുവരാണ്. കേരളത്തനിമ ഒട്ടും ചോർന്നു പോകാതെ ഇപ്പോഴും നിലനിന്നു പോരുന്ന ഒരു രാജ്യമാണ് ബാലിദ്വീപ്. പാട്ടും കൂത്തും പൊട്ടിച്ചിരികളും കൊണ്ട് നെയ്യെടുത്തതാണ് അവരുടെ ജീവിതം. കേരളത്തെ പോലെ തെങ്ങിൻ തോപ്പുകളുടെ ഭംഗി ബാലിദ്വീപിനെയും അനുഗ്രഹിച്ചിട്ടുണ്ട്. എന്നാൽ ആ തെങ്ങിൻ തോപ്പുകളിലൂടെ അപ്പങ്ങളും നറുമലരുകളും കുമ്പാരമാക്കി വെച്ച കുണിന്റെ ആകൃതിയിലുള്ള മരത്തട്ട് തലയിലേറ്റി നൃത്തഭംഗിയാൽ നീങ്ങി വരുന്ന കന്യകമാരെ കേരളത്തിൽ കാണില്ല. കുന്നിൻ ചരിവുകളിലെ നെൽ വയൽ തട്ടുകളിൽ നിന്നുള്ള നീരൊഴുക്കിന്റെ നിത്യ സംഗീതവും കേരളത്തിൽ കേൾക്കാനില്ല. ചുരുക്കത്തിൽ കേരളത്തിന്റെ ഒരു തനി പതിപ്പ് തന്നെയാണ് ബാലിദ്വീപ്. പ്രകൃതിയുടെ വിലാസഭംഗിയാൽ ജീവിതം നിറപ്പകിട്ടുള്ളൊരു ഉത്സവമായി നിത്യവും കൊണ്ടാടുന്ന നിഷ്കളങ്കരായ ഒരു ജനതയാണ് ബാലിദ്വീപിന്റെ സമ്പത്ത്.

# കേരളീയ കലയായ മോഹിനിയാട്ടം



## പാർവതി നിഷ്യരാജ്

കേരളീയ നൃത്തംരൂപമായ മോഹിനിയാട്ടം ചിലപ്പതികാരത്തിനു മുമ്പുതന്നെയുള്ള കലയാണ്. സ്വാതിതിരുനാളിന്റെ കാലം തൊട്ടാണ് കേരളത്തിന്റെ തനതു കലയായി മോഹിനിയാട്ടം കേരളത്തിലേക്ക് കടന്നു എന്നും ക്രമേണ അത് മോഹിനിയാട്ടമായി പരിണമിച്ചെന്നും ചിലർ കരുതുന്നു. തഞ്ചാവൂരിൽ നിന്നെത്തിയ ചിലർ സ്വാതിതിരുനാളിന്റെ നിർദേശപ്രകാരം ഈ നൃത്തം  പരിഷ്കരിച്ച് അവതരിപ്പിക്കാൻ തുടങ്ങി . സ്ത്രീകളാണ് മോഹിനിയാട്ടം നടത്തിയിരുന്നത് . ശബ്ദം , വർണം , പദം , തില്ലാന , ജാവോളി , ശ്ലോകം , എന്നിങ്ങനെ ക്രമേണപെടുത്തിയാണ് ആടുന്നത് പശ്ചാത്തല സംഗീതമായി വായ്പ്പാട്ട് , കഴിത്താളം എന്നിവയായിരുന്നു ഉണ്ടായിരുന്നത് .

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# തേൻ തുമ്പി

**ഹർഷ എച്ച്.എസ്**



ചെമ്പകം പൂക്കുന്ന രാവിൽ-
തേൻ ഊറികുടിക്കുവാൻ അവൾ പാറിവരുന്നു
മുറ്റത്തെ മണമേറും തെച്ചിപ്പൂവിൽ-
വന്നിരുന്ന തേൻ കുടിക്കും തുമ്പിയത് തേൻതുമ്പി
മുറ്റത്തെ നിറമേറും ചെമ്പരത്തിയിൽ
വന്നിരുന്ന തേൻ കുടിക്കും തുമ്പിയത് തേൻതുമ്പി
എന്നുമെന്നും മുറ്റത്തെ കണിയായ തേൻതുമ്പി
ഒരുനാൾ ഞാൻ കാലത്ത് തെച്ചിപ്പൂവിൽ നോക്കി
ചെമ്പരത്തിയിൽ നോക്കി ചുറ്റുമെല്ലാം നോക്കി
വീണ്ടുമെന്റെ തെച്ചിപ്പൂവിൽ ചെന്നുനോക്കി
മണ്ണുനിറഞ്ഞ തറയിൽ
അറ്റുകിടക്കുന്ന തുമ്പിയുടെ
ഉറുമ്പരിച്ച ചിറകു ഞാൻ കണ്ടു
പുഴുവരിച്ച ശരീരം കണ്ടു ഞാൻ തേങ്ങി

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ഉണ്ണിയ്ക്കായി

സാന്ദ്ര സന്തോഷ്



അമ്മയ്ക്കേറെ പ്രിയം തന്നുണ്ണിയല്ലോ,

ഉമ്മതന്നൂട്ടാമെന്നോതിടുന്നു.

ഓടിതളർന്നടുത്തെത്തിടുമ്പോൾ,

ഒക്കത്തെടുത്തെന്നെ ഓമനിക്കും.

ഓരോ വാക്കിലും നോക്കിലുമായി,

കോരിച്ചൊരിയുന്നമ്മിഞ്ഞപ്പാൽ മധുരം.

ചാഞ്ചാടി പുഞ്ചിരി തൂകിടുമ്പോൾ,

കൊഞ്ചിക്കാനോടിയെത്തിടുന്നു.

വല്ലാതെ ചാടികിതച്ചിടുമ്പോളമ്മ,

മെല്ലവേ ചാരത്തണച്ചിടുന്നു.

ഓപ്പോളോടൊത്തമ്മ കഥ പറഞ്ഞും,

ഓമനിച്ചെന്നെ ഉറക്കിടുന്നു.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

കാറ്റത്തും മഴയത്തും കൂട്ടിനായെന്നമ്മ,

കൈപിടിച്ചെന്നും നടന്നീടുന്നു.

അമ്മതൻ സ്നേഹവൃതമെന്നധരങ്ങളിൽ,

പുഞ്ചിരിയായ് പൂത്തു നിന്നീടുന്നു.

അമ്മതൻ പൊന്നുണ്ണിയായിടാനായി

നിത്യവും കാത്തനുഗ്രഹിച്ചീടേണമേ.

# എല്ലാപേരും സമന്മാരാണ്

## അമൽജിത്ത്


shutterstock.com • 146449802

പൂവുകൾ തോറും പാറി നടക്കും പൂമ്പാറ്റേ

നിന്നുടെ ചിറകിനു ചായം ഒഴിച്ചത് ആരാണ്

നിന്നെക്കാണാൻ എന്തു ചന്തം

നിനക്കീ ഭംഗി ആരു തന്നു ?

കൂ കൂ കൂ പാടി നടക്കും കുയിലമ്മേ

നിന്നെ കാണാൻ ചേലില്ലെന്നാലും

നിനക്കീ മധുര ശബ്ദം ആരു തന്നു ?

തുള്ളി തുള്ളി ചാടി നടക്കും പുള്ളിമാനേ

നിന്നുടെ ദേഹം മുഴുവനായി

ഭംഗിയേറും പുള്ളികൾ കാണുന്നു

നിനക്കീ സൗന്ദര്യം ആര് തന്നു ?

കാകാ കാകാ പാടിനടക്കും കാക്കയമ്മേ

കറുകറുത്തൊരു നിറമുള്ള കാക്കയമ്മേ

ഗവ.എച്ച്.എസ്.അവനവഞ്ചേരി

നിന്നെ കാണാൻ ചേലില്ലെങ്കിലും

നിന്നുടെ സ്വരത്തിന് ഈണമില്ലെങ്കിലും

വൃത്തിയുള്ള നിന്നെ ആര് സൃഷ്ടിച്ചു ?

നമ്മുടെ ചുറ്റും കാണും സൗന്ദര്യം

നമ്മുടെ ചുറ്റും കാണും വൈകൃതം

എല്ലാം സൃഷ്ട്ടിച്ചതൊരേ ഒരാൾ

എല്ലാം നമ്മുടെ സർവ്വേശ്വരൻ

ഈശ്വരനു മുൻപിൽ വെളുപ്പില്ല

ഈശ്വരനു മുൻപിൽ കറുപ്പില്ല

ഈശ്വരനു മുൻപിൽ നമ്മളൊന്ന്

ഈശ്വരനില്ല വേർതിരിവ്.



# വിശപ്പ്

**അപർണ**

ഒരിടത്ത് അഗാധജ്ഞാനം നേടിയ ഒരു ബൗദ്ധമുനി ജീവിച്ചിരുന്നു.  ധന്യമായ ശിഷ്യ സമ്പത്തും അദ്ദേഹത്തിനുണ്ടായിരുന്നു .അവർ പല നാട്ടുകളിലും അലഞ്ഞുനടക്കുകയും അവിടത്തെ ജനങ്ങൾക്ക് ധർമ്മതത്ത്വങ്ങൾ ഉപദേശിച്ചു കൊടുക്കുകയും ചെയ്തു. ശ്രവണ മധുരം ആലോചനാമൃദുവുമായ ആ ഉദ്ബോധങ്ങൾ എണ്ണമറ്റ അനുയായികളെ ആകർഷിച്ചു. അവരുടെ സ്വാധീനത്തിൽപെട്ട് പല ധനികരും സുഖഭോഗങ്ങൾ വെടിഞ്ഞ് ആശ്രമജീവിതം സ്വീകരിച്ചു.



ഒരു ദിവസം മുനി തങ്ങളുടെ ഗ്രാമത്തിലെത്തിയ വിവരം ഒരു ദരിദ്രകർഷകൻ അറിഞ്ഞു. വൈകിട്ട് തിരുവോരത്തു നടക്കുന്ന പ്രഭാഷണം കേൾക്കണമെന്ന് അയാൾക്ക് മോഹമുണ്ടായി. എങ്കിലും പണിമുടക്കിയാൽ കുടിലിൽ തീ പുകയില. അതുകൊണ്ട് പാടത്തെ ഉഴവ് കഴിഞ്ഞു ദേഹശുദ്ധി വരുത്തി പ്രഭാഷണത്തിന് പോകാമെന്ന് കർഷകൻ കണക്കുകൂട്ടി.

വൈകുന്നേരമായപ്പോഴേക്കും കർഷകൻ ഉഴവും തീർത്തു. കാളകളെ നുകത്തിൽ നിന്നഴിച്ചപ്പോഴാണ് അത് സംഭവിച്ചത്. കലകളിലൊന്ന് പിടിവിട്ട് അടുത്ത കാട്ടിലേക്ക് ഓടിക്കയറി. കർഷകൻ ആകെ ധർമ്മ സങ്കടത്തിലായി. മുനിയുടെ പ്രഭാഷണം തുടങ്ങാൻ ഇനി അധിക സമയമില്ല. കാളകളെ തിരക്കി കാട് കയറിയാൽ പ്രഭാഷണം മുഴുവൻ കേൾക്കാനാവാതെ വരും. കാളയെ കണ്ടെത്തിയില്ലെങ്കിൽ ആകെയുള്ള ഉപജീവനമാർഗം മുടങ്ങുകയുംചെയ്യും. രണ്ടുംകല്പിച്ചു അയാൾ കാറ്റിൽ കടന്നു കാളയെ തിരഞ്ഞു. ഏറെ നെരത്തെ ശ്രമത്തിനു ശേഷം ഉൾകാട്ടിൽ കടന്നു അയാൾ

കാളയെ കണ്ടെത്തി. കാളകളെയും കൊണ്ട് കർഷകൻ വീട്ടിലേക്കു നടന്നു. വീട്ടിലെത്തിയപ്പോൾ നേരം സന്ധ്യയായിരുന്നു.

ദൂരെനിന്ന് പ്രഭാഷണ ഭാഗങ്ങൾ അവ്യക്തമായി കേൾക്കാനാവുന്നുണ്ട്. അയാളുടെ മനം നൊന്തു. കാത്തുകൊതിച്ചിരുന്ന പ്രഭാഷണം ആദ്യന്തം കേൾക്കാനാവില്ലല്ലോ. കാളയെ തൊഴുത്തിൽകെട്ടി വേഗം കുളിച്ചുവന്നു. മുനിയുടെ പുണ്യഭാഷണം കേൾക്കാൻ മനസും ശരീരവും ഒരുപോലെ ശുദ്ധമാക്കിവേണം പോകാനെന്ന് കർകനറിയാമായിരുന്നു. പകലന്തിയോളം പാടത്തു പണിയെടുത്തു ആകെ വിശന്നു വളഞ്ഞിരിക്കുകയായിരുന്നു അയാൾ. വീട്ടിലാണെങ്കിൽ പഴങ്കഞ്ഞി ബാക്കിയിരുപ്പുണ്ട്. അത് കഴിക്കാൻ നിന്നാൽ ഇനിയും വൈകും. ഒരുപക്ഷെ പ്രഭാഷണം അപ്പോഴേയ്ക്കും തീർന്നെന്നു വരും. വിശപ്പ് കടിച്ചമർത്തി അയാൾ തെരുവോരത്തെക്കോടി. മരവുരിയിൽ ചമ്രം പടിഞ്ഞിരുന്ന് പ്രഭാഷണം നടത്തുന്ന തേജ്വസ്വിയായ മുനിയെ കർഷകൻ കണ്ണുനിറയെ കണ്ടു. അടുത്തനിമിഷം മുനിയുടെ കണ്ണുകൾ അയാൾക്കുമേൽ പതിഞ്ഞു. ജ്ഞാനിയായ മുനിശ്രേഷ്ഠൻ നിസ്സാരനായ തന്നെ ശ്രദ്ധിക്കുകയോ? കർഷകന്റെ മനസ്സ് സന്തോഷം കൊണ്ട് തുളുമ്പി. പെട്ടന്ന് അദ്ദേഹം പ്രഭാഷണം നിർത്തി, കർഷകനെ അടുത്തേയ്ക്കു വിളിച്ചു

"സ്വാമി" അയാൾ മുനിയുടെ മുന്നിലെത്തി തൊഴുതു നിന്നു.

"മകനെ, നിന്റെ മുഖം വല്ലാതെ വിളറിയിരിക്കുന്നല്ലോ. കഠിനമായ ജോലി കഴിഞ്ഞു വെറും വയറോടെയാണ് പ്രഭാഷണം കേൾക്കാൻ വന്നിരിക്കുന്നത് അല്ലേ?"

മുനി കര്ഷകനോട് ചോദിച്ചു. "എങ്കിൽ , പോയി വല്ലതും കഴിച്ചു വരൂ..."

ഇതുപറഞ്ഞു മുനി ശിഷ്യന്മാരെ വിളിച്ചു , അവരോട് കർഷകന് ഭക്ഷണം കൊടുക്കാൻ ഏർപ്പാടാക്കി. അയാൾ ഭക്ഷണം കഴിച്ച് തിരിച്ചു വരുന്നത് വരെ മുനി മൗനിയായി ഇരുന്നു. ഭക്ഷണം കഴിച്ച് , കൈയും മുഖവുംകഴുകി , അയാൾ ആൾക്കൂട്ടത്തിനിടയിൽ വന്നിരുന്നതും മുനി ഇങ്ങനെ പറഞ്ഞു തുടങ്ങി;

"മാന്യരേ വിശപ്പാണ് ഏറ്റവും ദുസ്സഹമായ അവസ്ഥ. വിശന്നിരിക്കുന്നവരോടു ധർമ്മമോതുന്നതിലും വ്യർത്ഥമായി.

# മൂന്ന് വരങ്ങൾ

**നന്ദ എം.എൻ**

മാമ്പഴക്കാലം ...... നാട്ടുമാവിൽ നിറയെ പഴുത്തുതുടുത്ത മാങ്ങകൾ . എന്നും സന്ധ്യയാവുമ്പോൾ രാപ്പാടി മാവിലെത്തും , വയറുനിറയെ മാമ്പഴം കൊത്തിത്തിന്ന് സംഗീതക്കച്ചേരിയാരംഭിക്കും . തൊട്ടടുത്തു തന്നെയാണ് കർഷകന്റെ വീട് . തന്റെ തോട്ടത്തിലെ മാമ്പഴം കട്ടുതിന്നുന്ന രാപ്പാടിയോട് കർഷകന് ദേഷ്യമായിരുന്നു . എങ്കിലും എന്നും രാപ്പാടിയുടെ പാട്ടുകേൾക്കാൻ കർഷകൻ



കാത്തിരുന്നു . രാപ്പാടിയെ പിടിച്ചിട്ടുതന്നെ കാര്യം . കർഷകൻ തീരുമാനിച്ചു . അയാൾ വലയൊരുക്കി . പാവം പക്ഷി വലയിലായി . കർഷകന് സന്തോഷമായി എന്നും രാപ്പാടിയുടെ പാട്ട് കേൾക്കാം ...... മാങ്ങ നഷ്ടപ്പെടുകയുമില്ല . കർഷകൻ രാപ്പാടിയെ കൂട്ടിലാക്കി . പാലും പഴവും കൊടുത്തു . പക്ഷേ , രാപ്പാടി പിണക്കത്തിലായിരുന്നു . അത് പാടാൻ കൂട്ടാക്കിയില്ല . "എന്നെ വിടൂ .... മരക്കൊമ്പിലിരുന്നാലെ എനിക്ക് പാട്ട് വരൂ ". രാപ്പാടി കെഞ്ചി . പക്ഷേ , കർഷകൻ അവളെ തുറന്നുവിട്ടില്ല . ഭക്ഷണം കഴിക്കാതെ രാപ്പാടി അവശയായി . "ദേ വേഗം ഒരു പാട്ടുപാടൂ , ഇല്ലെങ്കിൽ നിന്നെ ഞാൻ കൊന്നുതിന്നും ". കർഷകൻ ഭീഷണിപ്പെടുത്തി . പാവം രാപ്പാടി ഭയന്നു വിറച്ചു . "നോക്കൂ .... ഞാൻ ഒരു കൊച്ചുപക്ഷിയാണ് . ഇറച്ചിയോ കുറവ് ..... ക്ഷീണംകൊണ്ട് ഉള്ള ശരീരവും ഇല്ലാതായി ...... ഞാൻ ഒരു കാര്യം പറയാം എന്നെ തുറന്നു വിട്ടാൽ

ഗവ.എച്ച്.എസ്.അവനവഞ്ചേരി

നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ പറഞ്ഞുതരാം ....... നിങ്ങളുടെ ജീവിതത്തിൽ ഒത്തിരി നേട്ടമുണ്ടാക്കാൻ അതിനു കഴിയും ". രാപ്പാടി പറഞ്ഞു

രാപ്പാടിയുടെ വാക്കുകൾ വിശ്വസിച്ച കർഷകൻ അതിനെതുറന്നുവിട്ടു . പക്ഷി പറന്ന് മാവിൻകൊമ്പത്  ചെന്നിരുന്ന്  പറഞ്ഞു . കെണിയിൽ നിന്ന് രക്ഷപ്പെടാനായി ഒരാൾ തരുന്ന വാഗ്ദാനം വിശ്വസിക്കരുത് .

# വായന മരിക്കുന്നുവോ

പവിത്ര വി.എ



വായനയുടെ ലോകം ശുഷ്കമായിരിക്കുന്നു എന്നത് ഒരു സത്യം . ഇത്തരമൊരു സാഹചര്യത്തിൽ എല്ലാം കലികാലവൈഭവം എന്ന് പറയുകയല്ല വേണ്ടത് . വായനയ്ക്ക് നേതൃത്വം നൽകേണ്ടത് വായനയുടെ സുഖവും സന്തോഷവും വേണ്ടുവോളം അനുഭവിച്ചറിഞ്ഞിട്ടുള്ള ഇന്നും സ്നേഹപൂർവ്വം നെഞ്ചേറ്റി ലാളിക്കുന്ന സഹൃദയർ തന്നെയാണ് . അത്തരക്കാരുടെ വംശം വേരറ്റു പോകും മുമ്പേ പ്രവർത്തനങ്ങൾക്കു ശരവേഗം നൽകുക . വായനയെ പരിപോഷിപ്പിക്കുവാൻ സ്വജീവിതം ഉഴിഞ്ഞുവച്ച

ശ്രീ . പി . എൻ . പണിക്കരുടെ 'വായിച്ചു വളരുക ' എന്ന ആപ്തവാക്യം എല്ലാ കുട്ടികളും  എത്തേണ്ട സന്ദേശമാണ് . പത്രമാസികകളും തെരഞ്ഞെടുത്ത പുസ്തകങ്ങളും വായിക്കുന്നത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ദിനചര്യയിലെ ഒരു മുഖ്യയിനം ആകേണ്ടിയിരിക്കുന്നു . പുസ്തകങ്ങൾ സമ്മാനമായി കിട്ടുന്ന കുട്ടികളുടെ മുഖം ആനന്ദം കൊണ്ടു വികസിക്കുന്നില്ലെങ്കിൽ തീർച്ചയായും നമ്മുടെ വിദ്യാഭ്യാസം നമുക്ക് എന്താണ് നേടിത്തരുന്നതെന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടിവരും

ഒരു കാര്യം ഉറപ്പാണ് വായനയുടെ ലോകത്ത് രസം കണ്ടെത്തിക്കഴിഞ്ഞാൽ പിന്നെ ഇട്ടെറിഞ്ഞു പോകില്ല ,

പോകാൻ കഴിയില്ല . ഒരു സദസിലെ നിസ്സങ്കോചം അഭിമുഖീകരിക്കുന്ന തിനും വൈവിധ്യമാർന്ന ഒട്ടേറെയാശയങ്ങൾ പുതുമയോടെ അവതരിപ്പിച്ച് സദസിനെകൈലെടുക്കാനുള്ള കഴിവ് നല്ലൊരു വായനക്കാരനിൽ അവൻ പോലുമറിയാതെ വന്നുചേരും . ഇത് ആത്മവിശ്വാസത്തെ എത്രകണ്ട് വർദ്ധിപ്പിക്കുമെന്നുള്ളത് സ്വയമനുഭവിച്ചറിയേണ്ട ഒന്നാണ് . ഒരു പ്രഭുവിന്റെ രക്തത്തെക്കാൾ വലുതാണ് ഒരു പാവപ്പെട്ടവന്റെ പുസ്തകം (ഷേക്സ്പിയർ ) പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ് . മുതിർന്നവർക്കുപോലും മാതൃകയായവൻ കുട്ടികൾക്ക് കഴിയും . പുസ്തകങ്ങൾ വായിച്ചും , അതിലെ ഉൾക്കാഴ്ച്ചകൾ കണ്ടും നമുക്ക് വളരാം . ഉയർന്ന ചിന്താശക്തിയുള്ള ഉത്തമ പൗരന്മാരായി ഇളം തലമുറയിലൂടെ ആസന്നമരണയായ വായനാലോകത്തിന് ജീവവായു കിട്ടുമെന്ന് പ്രതീക്ഷിക്കാം .

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ഐസക് ന്യൂട്ടന്റെ ആപ്പിൾ കഥ

ഫാത്തിമ ഷാജഹാൻ

കേംബ്രിഡ്ജിൽ കിങ്സ് കോളേജിനടുത്ത് ഒരിക്കൽ ന്യൂട്ടൺ ഒരു ആപ്പിൾ മരച്ചുവട്ടിൽ ഇരിക്കവേ മരത്തിൽ നിന്നും ഒരു പഴുത്ത ആപ്പിൾ അടർന്ന് താഴേക്ക് വീണു എന്നും അത് കണ്ട ന്യൂട്ടൺ 'എന്തുകൊണ്ട് ഈ പഴം വായുവിൽ തന്നെ നിശ്ചലമായി നിന്നില്ല ? എന്തുകൊണ്ട് താഴെ ഭൂമിയിലേക്ക് വീണു ?എന്തുകൊണ്ട് നേരെ മുകളിലേക്ക് പോയില്ല ?എന്നെല്ലാം ആലോചിച്ചുവെന്നും അങ്ങനെയാണ് അദ്ദേഹം ഗുരുത്വആകർഷണ നിയമങ്ങൾ കണ്ടു പിടിച്ചതെന്നും ഒരു കഥ പ്രചാരണത്തിലുണ്ട്. ഇത് യഥാർത്ഥ സംഭവകഥയാണോ അതോ ഭാവനാശാലിയായ ഏതെങ്കിലും രസികൻ കെട്ടിച്ചമച്ച കഥയാണോ എന്ന് ഇന്നും തീർച്ചയില്ല. എന്തായാലും കിങ്സ് കോളേജിന്റെ അങ്കണത്തിൽ ന്യൂട്ടന്റെ ആപ്പിൾ മരത്തിന്റെ ഒരു തൈ സൂക്ഷിച്ച് പരിചരണം ചെയ്ത് വളർത്തുണ്ട്. ഈ ആപ്പിൾ മരം കണ്ട് ഈ ലേഖകൻ ഉൾപ്പടെ അനേകം പേർ അതിന്റെ ചുവട്ടിലിരുന്ന് സ്വപ്നം നെയ്തിട്ടുണ്ട്.

# Riddles

**അഭികൃഷ്ണ**

1. Give me food,and I will live

Give me water,and I will die

what am I?

fire

2. People buy me to eat,but never eat me

what am I?

spoon

3. I have cities, but no houses. I have mountains,but

no trees. I have water,but no fish. what am I?

map

4. “You measure my life in house and I serve you by expiring. I’m quick when I’m thin and slow when I'm fat”

the wind is my enemy. What am I?

A candle

5. What gets wet when drying?

Towel

6. I do not have wings,but I can fly. I don't have eyes,but I will cry. what am I?

clouds

# മാധവികുട്ടി (കമലാ സുരയ്യ )

ആകാശ് ജെ



മലയാളത്തിലെ പ്രശസ്ത കഥാകാരി . ഇംഗ്ലീഷിലും നിരവധി കവിതകളും എഴുതിയിട്ടുണ്ട് . 1934 ൽ പുന്നയൂർകുളത്തിൽ ജനനം . അച്ഛൻ വി .എം നായർ അമ്മ മലയാളത്തിലെ പ്രശസ്ത കവയത്രി ബാലാമണിയമ്മ . മാധവിക്കുട്ടി എന്ന പേരിലാണ് മലയാളത്തിൽ കഥകളെഴുതിയിരുന്നത് . പിന്നീട് കമല സുരയ്യ എന്ന പേര് സ്വീകരിച്ചു . എഴുത്തച്ഛൻ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട് . 2009 ൽ അന്തരിച്ചു

<u>പ്രശസ്ത കൃതികൾ</u>

വർഷങ്ങൾക്കുമുമ്പ് , മനോമി , നരിച്ചീറുകൾ പറക്കുമ്പോൾ , എന്റെ സ്നേഹിതാ അരുണ , തരിശുനിലം , ചുവന്ന പാവാട , പക്ഷിയുടെ മരണം , എന്റെ കഥ , മാനസി . തണുപ്പ് , മാധവിക്കുട്ടിയുടെ കഥകൾ , ബാല്യകാല സ്മരണകൾ , കടൽ , മയൂരം , ചന്ദനമരങ്ങൾ , ഡയറിക്കുറിപ്പുകൾ , ഒറ്റയടിപ്പാത , നഷ്ടപ്പെട്ട നീലബാരി ,ചേക്കേറുന്ന പക്ഷികൾ , അൽഫബെറ് ഓഫ് ദി ലെറ്റർ , സമ്മർ ഇൻ കൽക്കട്ട , നീർമാതളം പൂത്തകാലം , ജാനുവമ്മ പറഞ്ഞ കഥ.

# ANIMAL WONDERS

**സാം ഷിബു**



1. I change Colour to protect myself from enemies
- I am a chameleon

2. I can fly forwards , backwards and sideways
- I am a Humming bird


3. I am a mammal , that can fly - I am a Bat

4. I sleep with one eye open - I am a Dolphin

5. I do not blink at all - I am a Snake

# TEST YOUR G K

## അപർണ




1. Which is the largest planet in the solar system?

   Jupiter

2. Which is the only vowel not on top row of a computer keyboard?

   A

3. Which is the inner most colour of rainbow?

   Violet

4. Which planet is know as 'The Red Planet'?

   Mars

5. Which star can be used to workout where North is?

   The polar star

6. What name is given to the collection of 22 bones in the head?

The Skull

7. which jet -black bird has lived in the Tower Of London for centuries?

The Raven

8. On which galaxy is earth located?

The Milky Way

9. The name for which group of prehistoric animals comes from the Greek for "Terrible lizard " ?

Dinosaur

# കേളി

മെർഫിയ സകീർ



നിന്നുടെ പദചലനങ്ങൾ
കേൾക്കാനായി

കാതോർത്തിരിപ്പർ നിന്റെ തോഴർ

നിന്നുടെ കേളികൾ കണ്ടു വസിച്ചവർ

നീ തന്നെ കേളിയെന്നറിഞ്ഞീലിവർ

അവരറിയുന്നതൊന്നു മാത്രം

അവരുടെ കേളിയ്ക്കായി ഭവിപ്പതാം നീ

അവരറിയാത്തതും ഒന്ന് മാത്രം

അഭൗമമായതാം നിന്റെ കേളി

എല്ലാം ദൈവത്തിന് കേളിയെന്ന്

വൈകിയറിഞ്ഞവർ ആശ്വസിപ്പൂ
'ഒരിക്കൽ വരും എൻ മകനായ് തന്നെ
എന്നുടെ ജന്മവും പൂർണ്ണമാക്കാൻ'
ആശ്വസിപ്പൂ ഇവരാ 'ദേവി' വചനത്തിൽ
നിന്നുടെ കേളികൾക്കന്ത്യം കുറിപ്പാനായി
വന്നതാരാവൻ നാഗരൂപേ?
ദൈവമോ മായയൊ മായാവിയൊ അവൻ
അവനെതിരഞ്ഞു നടപ്പൂ ഞങ്ങൾ
കാൺകിലോ ചോദിക്കുവതൊന്നു മാത്രം
ഇക്കേളികളെല്ലാം ആർക്കുവേണ്ടി?
അപ്പോഴും നിന്നുടെ കാലൊച്ച കേൾപ്പൂ ഞാൻ
എൻ മുന്നിലെൻ പിന്നിലെന്നിൽ തന്നെ.

## വാര്യരുടെ വഞ്ചിപ്പാട്ട്

കൃഷ്ണ എം.എസ്



ഒരിക്കൽ മാർത്താണ്ഡവർമ്മ മഹാരാജാവിനൊപ്പം വഞ്ചിയിൽ തിരുവനന്തപുരത്തേയ്ക്ക് പോകുകയായിരുന്നു രാമപുരത്ത് വാര്യർ. യാത്രയ്ക്കിടയിൽ ഒരു വഞ്ചിപ്പാട്ട് രചിക്കുവാൻ രാജാവ് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അങ്ങനെ, ആ യാത്രയ്ക്കിടയിൽ മലയാളത്തിന് കിട്ടിയ അപൂർവ സമ്മാനമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. മലയാള സാഹിത്യത്തിൽ കുചേലവൃത്തം വഞ്ചിപ്പാട്ടിന് അതുല്യമായ സ്ഥാനമാണുള്ളത്. ശുദ്ധമലയാളത്തിലാണ് വാര്യർ ഈ വഞ്ചിപ്പാട്ട് എഴുതിയത്. ഈ ഒറ്റ കാവ്യം കൊണ്ടുതന്നെ രാമപുരത്തു വാര്യർ മലയാളംസാഹിത്യത്തിന് മറക്കാനാവാത്ത വ്യക്തിയായി. കുചേലൻ ആവശ്യപ്പെടാതെ തന്നെ ദരിദ്രനായ കുചേലന്റെ ദാരിദ്ര്യം ശ്രീകൃഷ്ണൻ മാറ്റുന്നതാണ് കുചേലവൃത്തത്തിലെ വിഷയം. കുചേലന്റെ കഥയിലുള്ള വാര്യർ തന്റെ ദാരിദ്ര്യം തന്നെയാണ് പറഞ്ഞത്. ഇത് മനസിലാക്കിയ രാജാവ് അദ്ദേഹത്തെ സഹായിച്ചു എന്നാണ് കഥ.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ALPHABETICAL RIDDLES

*പാർവതി നിഷ്മരാജ്*

1.Which letter is an insects ?

B( Bee)




2.Which letter is full of water ?

C( Sea)

3. Which letter wears spectacles ?

I( Eye)

4. Which letter is a vegetable ?

P(Pea)

5. Which letter stands in  order ?

Q(Queue)

6.Which letter answer questions ?

S(Sea)

7. Which letter is a drink ?

T(Tea)

8. Which letter is a second person ?

U(You)

9. Which letter is first person ?

V(We)

10. Which letter asks question ?

Y(Why)

# കിളി പാടിയ മലയാളം

അലൻ അർജ്ജുൻ



തുഞ്ചത്തെഴുത്തച്ഛൻ എന്ന പേരു കേട്ടാൽ ഉടൻ മനസിലേയക്കോടിയെത്തുന്നതെന്താണ് ? ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നാണോ ? അതോ കിളിപ്പാട്ട് എന്ന കവിബിത രീതിയുടെ തുടക്കക്കാരൻ എന്നാണോ ? മലയാളത്തെ കരുത്തുറ്റ ഭാഷയാക്കുന്നതിൽ എഴുത്തച്ഛൻ കവിതകൾ നൽകിയ സംഭാവന അമൂല്യമാണ്. കിളിപ്പാട്ട് എന്നാൽ കിളിയുടെ പാട്ട് കവിയുടെ അഭ്യർത്ഥന മാനിച്ച് കിളി പാടുന്ന പാട്ട്. അതായത് കഥാഖ്യാനം നടത്തുന്നത് കിളിയാണ്.കവി നേരിട്ട് കഥ പറയാതെന്തു എന്ന് നമ്മുക്ക് സംശയം തോന്നുക സ്വാഭാവികം കവിയുടെ വാക്കുകൾ നിഷ്ഫലമാവില്ല ഏ എന്നാണ് വിശ്വാസം. ഒരുങ്ങി കഥാപത്രത്തിന്റെ മരണം ചിത്രിയകരിക്കുമ്പോൾ കവി സ്വയം മരണത്തെ വിളിച്ചുവരുത്തുകയാണ് എന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. കവിയുടെ വാക്കുകൾ സ്വജീവിതത്തിൽ പ്രതിഫലിച്ചാൽ കവിക്ക് അറംപറ്റി എന്നാണ് പറയുന്നത്.

ഈ വിശ്വാസം കൊണ്ടാകാം എഴുത്തച്ഛൻ കിളിമകളെ രാമായണവും മഹാഭാരതവും പാടിപ്പിച്ചത് എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ എഴുത്തച്ഛന്റെ കൃതികളിൽ പ്രതിഫലിക്കുന്നത് വ്യക്തിത്വം പരിശോധിച്ചാൽ ഇത്തരമോര് അന്ധവിശ്വാസം അദ്ദേഹത്തെ ഭരിക്കാൻ ഇടയില്ല എന്ന് കാണാവുന്നതാണ്. ഈശ്വരൻ തന്നെയാണ് താത്തയുടെ രൂപത്തിൽ വന്ന് കഥ പറയുന്നത് എന്ന് മറ്റൊരു അഭിപ്രായം. വിദ്യാദേവതയായ സരസ്വതിയുടെ കിളിയെ സൃഷ്ടിച്ചതെന്ന് വാദിക്കുന്നവരുമുണ്ട്.

ആദ്യകാല തമിഴ്ഭക്ത കവികൾ ഈ രീതി പിന്തുടർന്നിരുന്നു. ആ പാരമ്പര്യം എഴുത്തച്ഛനെ സ്വാധീനിച്ചിരിക്കാം എന്ന അഭിപ്രായപ്പെടുന്ന മറ്റൊരു കൂട്ടർ. ഇനിയുമൊരു വാദമുണ്ട് . പുരാണങ്ങളെ വ്യാഖ്യാനിച്ച് ശുകമഹർഷിയോടുള്ള ഭക്ത്യാദരവുകൾ പ്രകടിപ്പിക്കാൻ ശുകം (തത്ത ) കഥ പറയട്ടെ എന്ന് എഴുത്തച്ഛൻ നിശ്ചയിച്ചു . കിളിയുടെ മധുരസ്വരത്തിൽ കഥ പറയുന്നതിലുള്ള ഔചിത്യം ഏറെ ശ്രദ്ധേയമാണെന്നും നമുക്കോർമിക്കാം .

## They are known as.....

സാന്ദ്ര സന്തോഷ്

| | | |
|---|---|---|
| Sree Budha | - | Light Of Asia |
| Vishnu Gupta | - | Chanakya |
| Marget Thatcher | - | Iron Lady Of Britain |
| Benazir Bhutto | - | Daughter Of East |
| Martin Luther King | - | Gandhi of America |

| | | |
|---|---|---|
| Sardar Vallabhai Patel | - | Iron man Of India |
| Gandhiji | - | Bapu |
| Subhash Chandra Bose | - | Netaji |
| Chitaranjan Das | - | Desabandhu |
| Rabindra Nath Tagore | - | Gurudev |
| Mira Ben | - | Indian lady |
| Bipin Chandra Pal | - | Bengal Tiger |
| Tippu Sulthan | - | Mysore Tiger |

# Sree Narayana Guru - Viswaguru

# ഭൂമീ ദേവി

പവിത്ര വി.എ

ഉഷസാം തിങ്കൾക്കല തൊട്ടുണരും ഭൂമി
സൂര്യോദയത്തിന്റെ പൊൻമുളംതണ്ടിലെ
മധുരം നീ മാത്രമല്ലേ... മധുരം നീ മാത്രമല്ലേ..
ചിത്രപതംഗത്തിന്റെ ചിറകടിപോലെ
മധുരമാം സ്വപ്നത്തിലാകാം
ഒരു തെന്നലിന്റെ നേർത്തചാമരം വീശുമ്പോൾ
പുളകിതയാകുന്നവളെപ്പോലെ..
അവളുടെ ഹൃദയം നുറുങ്ങുന്ന മധുരമാം കാലൊച്ച പോലെ
തളിരിട്ടുണരുന്ന പുൽക്കൊടി തുമ്പുപോലെ
ആദ്യമായി നിൻ സ്വരം കാതിൽ
കേട്ടപ്പോൾ അറിയാതെ ഞാനൊന്നു കോരിത്തരിച്ചുപോയി
അറിയാതെ ഞാനൊന്നു കോരിത്തരിച്ചുപ്പോയി....

# CAN YOU FILL THE BLANKS?

**നെഹാറാന ബീഗം**

1. lemurs, lorises, bush- babies ,monkey, apes and humans all belong to an order of mammals called -----------

Primates

2. Roughly half of all species on our plant are -----------

Insects

3. The animal kingdom is estimated to contain about ----------- million species.

Ten

4. ---------- are the only group of mammal the lay eggs.

Monotremes

5. More than --------- percent of all organisms that have ever lived on earth are extinct.

Ninety

6. The Sarus crane is the world's ---------- flying bird.

Tallest

7. The world's largest bird, Ostrich cannot-----------.

Fly

8. The----------is an aquatic mammal and the only pinniped to have tusks.

Walrus

9. Animal with backbones are called----------.

Vegetable

10. The--------- is one of the strongest creatures of the animal kingdom. It is a duck -billed, beaver- tailed, otter-footed, mammal that, like a bird, lays eggs! It is found only in Australia.

Platypus

# IN EVERY TWENTY FOUR HOURS

*മുഹമ്മദ് ഹൈസം*

**Our blood travels 16,80,000 miles.**

**Our heart beats 1,03,689 times.**

**We breathe 23.040 times.**

**We inhale 438 cubic feet of air.**

**We perspire 143 points of sweat.**

**We lose in weigh 7.8 pounds of waste.**

**We move 750 major muscles.**

**Our hair grows 0.0174 inch.**

**We give off heat 865.5 cals.**

**Our nail grows 0.00046inch**

**We generate energy of 450 food tones.**

**We speak 4800 words.**

# സന്ധ്യാകാശം



**ആദിത്യ എ അനിൽ**

നിറവർണ്ണ പട്ടുടുത്ത സന്ധ്യാകാശം
പല വർണ്ണം തുളുമ്പും നിൻമേനിയിൽ
തഴുകാൻ കൊതിച്ചെത്തുമിളം കാറ്റിൽ
നീയെത്ര സുന്ദരി , എത്ര പ്രിയങ്കരി
കൂടണയും കിളികളും ,
കാത്തിരിക്കും മരങ്ങളും
ഒരു ചിത്രമായ് നിന്നിലലിയുമ്പോൾ
സന്ധ്യേ ,നിൻ ശോഭ മനോഹരം
നിന്നിലലിഞ്ഞില്ലാതാകാൻ .....
വെമ്പി നിൽക്കും പ്രദോഷ സൂര്യൻ
നിന്റെ മെയ്യിനു മാറ്റു കൂട്ടും
മാണിക്യം പോൽ സുന്ദരം.

ഗവ.എച്ച്.എസ്.അവനവഞ്ചേരി

# ഒരു വേള കൂടി

നന്ദ എം.എൻ

അറിയാതെ എന്നുമെൻ മനസ്സിൽ തെളിയുന്നതാരുടെ
ഒരു ചെറുപുഞ്ചിരി ,
അറിയാതെ എന്നുമെൻ കനവിൽ നിറയുന്നതാരുടെ
ചുടുനിശ്വാസങ്ങൾ .
ഒന്നുമറിയാതെ ആശുപത്രിക്കുള്ളിൽ -
എന്നെ നോക്കാതെ ചിരിക്കാതെ കിടന്നിടുമ്പോൾ
എൻ മനതാരിൽ തെളിയുന്നു
എൻ അച്ഛന്റെ സനേഹതലോടലും ഓർമ്മകളും
ഇനി ഒരിക്കലും തരാൻ കഴിയില്ല
ആ സ്നേഹത്താലോടാലറിയണമെങ്കിലും
വെറുതെ ഞാനാശിക്കുന്നു .
'ഒരു വേള കൂടി 'ആ ഭാഗ്യം ലഭിക്കാൻ

**ഒരു ജന്മം കൂടി ഇനിയുമുണ്ടെങ്കിൽ**

**മകളായി ജനിക്കാൻ കൃപയരുളേണേ  സർവ്വേശ്വരി ......**

# Our Great leader Mahatma Gandhi



**ആകാശ് ജെ**

Father of Nation, Mohandas Karamchand Gandhi was born at Porbandar in Gujarat on October 2, 1869 . He married Kasturba at the age of 14 . Received Barrister Degree from Britain and went to south Africa in 1893 to practice law . Experimented the weapon of Satyagraha against the colour discriminations there . Returned to India in 1914 and become the Leader of Indian National Congress very soon. President the Congress session of Belgaum in 1924 , He blazed a trial of non-violent fight for freedom of India. 40 million people of India stood behind him and the British rulers gradually forced to leave India. Gandhiji spend 2338 days in prison . He was not ready to hold any post when the country become free . Gandhiji was shot dead by a Hindu fanatic on January30,1948 at Delhi.

ഗവ.എച്ച്.എസ്.അവനവഞ്ചേരി




ഗവ.എച്ച്.എസ്.അവനവഞ്ചേരി